# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

**(01.10.2018-31.03.2019)**

**ജില്ല –തിരുവനന്തപുരം**

**ബ്ലോക്ക് – പാറശ്ശാല**

**ഗ്രാമപഞ്ചായത്ത്- കാരോട്**

**വാർഡ്- അയിര(3)**

**26/11/2019**

**2.00 pm**

**അയിര മിനി സ്റ്റേഡിയം**

**ആമുഖം**

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ടനുഭവിക്കുമ്പോള് അവർക്ക് 100 ദിവസത്തെ തൊഴിലെങ്കിലും ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴില് നല്കുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാദ്ധ്യമാകും എന്നും പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിര്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം.

2005 ആഗസ്റ്റ് 23-ാം തിയ്യതിയാണ് പാർലമെന്റ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പു വരുത്തുവെന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താല് നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴില് ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളില് തൊഴില് നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതല് അവര് ക്ക് തൊഴിലില്ലായ്മ വേതനത്തിന് അര് ഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിലിന് റെ വേതനം 14 ദിവസത്തില് കൂടുതല് വൈകിയാല് വൈകുന്ന ഒരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴില് ആവശ്യപ്പെടുന്നവര്ക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനമോ ഉറപ്പായും ഉറപ്പ് വരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിന് റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളില് 2006 ഫെബ്രുവരി 2ആം തീയതി ഈ നിയമം നിലവില് വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തില് വയനാടും, പാലക്കാടും ഈ 200 ജില്ലകളില് ഉൾപ്പെട്ടിരുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസര് ഗോഡ് ജില്ലകള് ഇതില് ഉള് പ്പെട്ടിരുന്നു. 2008 ഏപ്രില് 1 ന് ഇന്ത്യയിലെ ബാക്കി മുഴുവന് ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവന് ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തില് സവിശേഷ ശ്രദ്ധയാകര് ഷിച്ച ഒരു അവകാശാധിഷ്ഠിത തൊഴില് നിയമമെന്ന നിലയിലും ഗ്രാമീണ മേഖലയില് ദാര്യദ്ര ലഘൂകരണത്തില് നിര് ണ്ണയാകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009 ഒക്ടോബര് 2-ാം തീയതി കേന്ദ്ര സര് ക്കാര് ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനർനാമകരണം ചെയ്തു.

**തിരുവനന്തപുരം ജില്ല**

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായ ജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയില് നിന്നും 56 കിലോമീറ്റര് അകലെയായി സ്ഥിതി ചെയ്യുന്നു .

**പാറശ്ശാല ബ്ലോക്ക്**

തമിഴ്നാടിന്റെ അതിർത്തിയിലും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്ത് ആണ് പാറശ്ശാല ബ്ലോക്ക്. തമിഴ് മലയാളം എന്നീ ഭാഷകളുടെ സംഗമ സ്ഥാനം കൂടിയായതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട് പരമ്പരാഗത കുടിൽ വ്യവസായമായ കരിപ്പട്ടി നിർമാണത്തിൽ തുടങ്ങിയ ആധുനിക വ്യവസായ സംരംഭങ്ങൾ വളരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട് ഭൂരിഭാഗം ആളുകളും രണ്ടു ഭാഷ സംസാരിക്കുന്നവരാണ്.ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, പാറശ്ശാല, തിരുപുറം എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് പാറശ്ശാല ബ്ളോക്കിൽ ഉൾപ്പെടുന്നത്.


## കാരോട് പഞ്ചായത്ത്

കേരളത്തിന്റെ തെക്കേ അറ്റത്തെ കുളത്തൂർ, ചെങ്കൽ,പാറശാല, എന്നീ പഞ്ചായത്തുകൾക്ക് പുറമെ തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന ഒര് ഗ്രാമപഞ്ചായത്ത് കൂടിയാണ് കാരോട് ഗ്രാമപഞ്ചായത്ത്. പഴയതിരുവിതാകൂറിന്റ ഭാഗമായിരുന്ന എന്നാൽ ഇന്ന് തമിഴ്നാടിന്റെ ഭാഗമായ കന്യാകുമാരി ജില്ലയിലെ കൊല്ലംകോട് ടൌൺ പഞ്ചായത്തുമായാണ് അതിർത്തി പങ്കിടുന്നത്.

ഭാഷക്കും ജാതിക്കും മതത്തിനും അധീതമായി മത സൗഹാർദ്ദവും അതിലുപരി മാനവ സൗഹാർദ്ദവും നിലനിൽക്കുന്ന നാനാജാതി മതസ്ഥർ തിങ്ങിപാർക്കുന്ന ഒര് പ്രദേശമാണ്.പലമതസ്ഥരുടെ ആരാധനാലയങ്ങൾ ഇവിടെ ഇടതൂർന്ന് കണമെന്നത് പോലെ തന്നെ യാണ് അവരുടെ വീടുകളും.ഹിന്ദുവും,

ക്രിസ്ത്യാനിയും,മുസ്ലിമും,സഹോദരങ്ങളായി ജീവിക്കുന്ന ഒര് പ്രദേശമാണ് കാരോട് വർഗ്ഗിയമായ ഒര് സംഘർഷവും ഇവിടെ ഇതുവരെ റിപോർട്ട് ചെയ്തിട്ടില്ല എന്നതാണ് പ്രതേകത

കാരോട് പഞ്ചായത്തിലെ നഗരപ്രധാനമായ സ്ഥലങ്ങൾ പഴയഉച്ചക്കട, പ്ലാമൂട്ടുക്കട, പൊൻവിള, ചെങ്കവിള, ഊരമ്പ്, പൊഴിയൂർ എന്നിവിടങ്ങളാണ്




കാരോട് ഗ്രാമപഞ്ചായത്ത് കേരളത്തിന്റെ ഏറ്റവും തെക്കേയറ്റത്താണ് സ്ഥിതി ചെയ്യുന്നത്. 923 -ന്നാം വർഷതിൽ പാർത്ഥിവപുരം ശിലാ ലിഖിതത്തിൽ കിരാത്തൂർ , പൊഴിയൂർ , കുളത്തൂർ എന്നീ സ്ഥലങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. കാരോട് അടുത്തകാലം വരെ കുളത്തൂർ വില്ലേജിന്റെ ഭാഗമായിരുന്നു. അന്ന് കുളത്തൂരും, കാരോടും ഒരു ഗ്രാമപ്രദേശമായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത് .

## അടിസ്ഥാന വിവരങ്ങൾ

ബ്ലോക്ക്     -     പാറശ്ശാല

താലൂക്ക്     -  നെയ്യാറ്റിൻകര

വാർഡുകളുടെ എണ്ണം - 19

നിയമസഭാമണ്ഡലം= നെയ്യാറ്റിൻകര

ലോകസഭാമണ്ഡലം=തിരുവനന്തപുരം

അക്ഷാംശം = 8.21

രേഖാംശം = 77.3

ജില്ല = തിരുവനന്തപുരം

ഭരണസ്ഥാനങ്ങൾ = പഞ്ചായത്ത്

വിസ്തീർണ്ണം = 15.67

ജനസംഖ്യ = 27490

ജനസാന്ദ്രത = 1659

## അതിരുകൾ

കിഴക്ക് - കന്യാകുമാരി ഡിസ്ട്രിക്ട്

പടിഞ്ഞാറ് - കുളത്തൂർ പഞ്ചായത്ത്

തെക്ക് ചെങ്കൽ പഞ്ചായത്ത്

വടക്ക് - പാറശ്ശാല പഞ്ചായത്ത്

**<u>മുഖ്യ ലക്ഷ്യങ്ങൾ</u>**

അവിദഗ്ദ്ധ-കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തികവർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം, ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉല്പാദനക്ഷമവുമായ ആസ്ഥികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ.

സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുക.

പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

**<u>സവിശേഷതകൾ</u>**

നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിത പദ്ധതി.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ്പൂർത്തിയായ എതൊരാള് ക്കും പദ്ധതിയില് പങ്കാളിയാവാം.

സ്ത്രീക്കും പുരുഷനും തുല്യ വേതനം.

പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൌകര്യ വികസനം എന്നിവയ്ക്കു മുൻഗണന.

തൊഴിലാളികൾ തന്നെ പ്രവൃത്തികല് കണ്ടെത്താനും ആസൂത്രണ പ്രക്രീയയില് പങ്കാളികള് ആകാനും അവസരം .

ആസൂത്രണത്തിലും നിര് വഹണത്തിലും തികഞ്ഞ സുതാര്യത .

കരാറുകാരോ ഇടനിലക്കാരോ ഇല്ല.

പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്.

ബാങ്ക്/പോസ്റ്റ് വഴി മാത്രം വേതന വിതരണം.

സ്ത്രീകൾക്ക് മുൻഗണന.

കമ്പ്യൂട്ടർ ശ്യംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം.

ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു.(സോഷ്യൽ ഓഡിറ്റ് സംവിധാനം)

പരാതിപരിഹാര സംവിധാനം

**<u>രീതിശാസ്ത്രം</u>**

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല- പാറശ്ശാല ബ്ലോക്ക് വില്ലജ് റിസോഴ്സ് പേഴ്സണാണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിലെ പാറശ്ശാല ഗ്രാമ പഞ്ചായത്ത് വാർഡ് 6ൽ (ആടുമങ്ങാട് ) സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടത്തിയത്.

**ആദ്യഘട്ടം:**

പഞ്ചായത്ത് സെക്രട്ടറി, പ്രസിഡണ്ട്, വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 6ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

**രണ്ടാം ഘട്ടം:**

2018 ഒക്ടോബർ മാസം ഒന്നാം തിയതി മുതല് 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

**മൂന്നാം ഘട്ടം:**

പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

**നാലാം ഘട്ടം:**

ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട്

തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും.

**അഞ്ചാം ഘട്ടം:**

ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ് .

**<u>സോഷ്യൽ ഓഡിറ്റ്</u>**

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17( 2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്നും സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക, എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ആണ്.

ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം. സംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതിയെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി,അജണ്ട, വേദി എന്നിവ നിശ്ചയിച്ച 7 ദിവസം മുൻപ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം മോണിറ്ററിംഗ്, തുടങ്ങി ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്( as per GO (Rt) No.3906/2015/LSGD,Dated 30.12.2015) 31.1.2017 നിലവിൽവന്നു. യൂണിറ്റ് ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് .

**<u>7 രജിസ്റ്റർ പരിശോധനാ വിശദാംശങ്ങൾ</u>**

**1.**ജോബ് കാർഡ് രജിസ്റ്റർ

395 തൊഴിലാളികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നതിൽ 104 തൊഴിലാളികളുടെ രേഖപ്പെടുത്തലുകൾ ഇല്ലായിരുന്നു.

**2.** ഡിമാൻഡ് രജിസ്റ്റർ**,** പേയ്മെന്റ് ഓഫ് അലോക്കേഷൻ ഓഫ് വർക്ക്

ഓരോ തൊഴിലാളികളുടെയും പേര്, തൊഴിൽ കാർഡ് നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, എന്നിവ ഉണ്ടായിരുന്നു.

**3.** വർക്ക് രജിസ്റ്റർ

- 354 പ്രവർത്തികളുടെ വിശദ വിവരങ്ങൾ നൽകിയിരുന്നു,
- പ്രവർത്തികൾക്കായി ചിലവായ വിദഗ്ധ അവിദഗ്ധ തൊഴിലാളികളുടെ വേതനവും മെറ്റീരിയലിനു ചെലവായ തുകയും രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.
- 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ രേഖപ്പെടുത്തലുകളും തുടർന്നുള്ള രേഖപ്പെടുത്തലുകളും ഉണ്ടായിരുന്നു

**4.** ഫിക്സഡ് അസറ്റ് രജിസ്റ്റർ

31/3/2018 വരെ പൂർത്തീകരിച്ച പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു

**5.** പരാതി രജിസ്റ്റർ

- 5 /9 /2018 ഇതിൽ രജിസ്റ്റർ ചെയ്ത റോബിൻസ് നൽകിയ പരാതി മൂന്നാം വാർഡിൽ ഫാം പോണ്ട് നിർമ്മിച്ച സ്ഥലത്ത് മേറ്റ് പൈസ പിരിവ് നടത്തി എന്നുള്ള പരാതി.
- 9 10 2018 ക്രിസ്റ്റഫർ നൽകിയ വിവരാവകാശം
- 27 /11 /2018 -ലെ വിവരാവകാശനിയമപ്രകാരം അമ്പിളി കോണം വാർഡിലെ മസ്റ്റർറോള്കളുടെ പകർപ്പ് ലഭ്യമാക്കണമെന്നുള്ള ക്രിസ്റ്റഫർ നൽകിയ പരാതി
- 4 /11 /2019-ൽ 3 പരാതികളും പരിഹരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്

തുടർന്ന് പരാതികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നില്ല

**6.** മെറ്റീരിയൽ രജിസ്റ്റർ

2018-2019 സാമ്പത്തിക വർഷത്തെ പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു. 61 പ്രവർത്തികളിൽ ആയി 1022723.142 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു.

**7.** ഗ്രാമസഭ രജിസ്റ്റർ

7/9/13 മുതൽ 10/11/2019 വരെയുള്ള ഗ്രാമസഭാ മിനിറ്റ്സ്സുകൾ രേഖപ്പെടുത്തിയിരിക്കുന്നു എന്നാൽ മിനുട്സുകൾ പൂർണ്ണം അല്ലായിരുന്നു.

## <u>സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്</u>

കാരോട് പഞ്ചായത്തിലെ മൂന്നാം വാർഡ് ആയ അയിരയാണ് സോഷ്യൽ ഓഡിറ്റിനു വിധേയമാക്കിയ വാർഡ്. വാർഡിൽ 395 സജീവ തൊഴിലാളികളാണ് ഉള്ളതിൽ 15 തൊഴിലാളികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 100 ദിവസം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്

### <u>വാർഡിൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ</u>

| നമ്പർ | പ്രവർത്തികൾ | വർക്ക് കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | ചിലവായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഭൂവികസനം | LD/349990 | 24/3/19 | 16/6/19 | 154596 |
| 2 | ഭൂവികസനം | LD/349989 | 24/3/19 | 29/3/19 | 145256 |
| 3 | ഭൂവികസനം | LD/321634 | 13/12/18 | 29/3/19 | 432889 |
| 4 | ഭൂവികസനം | LD/349987 | 24/3/19 | 16/6/19 | 33000 |
| 5 | ഭൂവികസനം | LD/321633 | 8/12/19 | 13/3/19 | 429924 |
| 6 | ഭൂവികസനം | LD/321632 | 7/12/18 | 9/3/19 | 435600 |
| 7 | ചാനൽ പുനരുദ്ധാരണം | IC/218007 | 8/1/19 | 21/3/19 | 122505 |
| 8 | ചാനൽ പുനരുദ്ധാരണം | IC/218011 | 8/1/19 | 23/9/19 | 155757 |
| 9 | ചാനൽ പുനരുദ്ധാരണം | IC/218012 | 8/1/19 | 25/3/19 | 153386 |
| 10 | ചാനൽ പുനരുദ്ധാരണം | IC/218010 | 8/1/19 | 25/3/19 | 147192 |
| 11 | ചാനൽ പുനരുദ്ധാരണം | IC/218009 | 8/1/19 | 21/3/19 | 122505 |
| 12 | കിണർ നിർമ്മാണം | IF/331943 | 27/7/18 | 14/10/18 | 57324 |
| 13 | കിണർ നിർമ്മാണം | IF/331945 | 1/11/18 | 18/11/18 | 63436 |
| 14 | കിണർ നിർമ്മാണം | IF/383496 | 26/2/19 | 26/3/19 | 63436 |
| 15 | കിണർ നിർമ്മാണം | IF/331942 | 23/7/18 | 14/10/18 | 57404 |
| 16 | കിണർ നിർമ്മാണം | IF/383497 | 26/2/19 | 25/3/19 | 67551 |
| 17 | കക്കൂസ് നിർമ്മാണം | RS/346512 | 26/2/19 | 4/3/19 | 10760 |

**പ്രവർത്തിയുടെ വിശദാംശങ്ങളിലേക്ക്**

**ഭൂവികസനം(LD/321632)**

**ഫയൽ**

- കവർപേജ് അപൂര്ണമായിരുന്നു.

- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.

- 75 പേരുടെ ഡിമാൻഡ് ഫോം ആണ് ഉണ്ടായിരുന്നത്. പ്രവർത്തി അനുവദിച്ചതായി എ ഇ യുടെ സാക്ഷ്യപ്പെടുത്തലും ഉണ്ട്.

- മസ്റ്റർ റോളിൽ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു. സെക്രട്ടറിയുടെയും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ നെയിം ഒപ്പും സീലും ഉണ്ടായിരുന്നു എന്നാൽ പരിശോധന ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലും ഒപ്പും ഇല്ല.

- തുടർച്ചയായി ഹാജരാകാത്ത 15 തൊഴിലാളികൾ ഉണ്ടെന്ന് രേഖപ്പെടുത്തലിൽ കാണുന്നു.
- ഭൂവുടമകളുടെ കരം തീർത്ത രസീത്, ആധാർ, പാസ്ബുക്ക് എന്നിവയുടെ പകർപ്പ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- സന്ദർശന റിപ്പോർട്ട് ഇല്ല
- വെജ് ലിസ്റ്റ്, പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉണ്ടായിരുന്നില്ല.
- 1554 തൊഴിൽ ദിനങ്ങളാണ് രേഖപ്പെടുത്തൽ കാണാൻ സാധിച്ചത്.
- **ഫീൽഡ്**
- 14 പുരയിടങ്ങളിൽ ആയി പ്രവർത്തി നടപ്പിലാക്കിയതിന്റെ രേഖകളാണ് ഫയലിൽ ഉണ്ടായിരുന്നത്.
- മെഷർമെന്റ് ബുക്ക് പ്രകാരം 51 മഴക്കുഴികൾ, 5 പേർക്കുലേഷൻ ടാങ്ക്, 15 കമ്പോസ്റ്റ് കുഴികൾ, 410 തെങ്ങിൻ കുഴികൾ ബണ്ടുകളുടെ നിർമ്മാണം എന്നിവ രേഖപ്പെടുത്തിക്കാണുന്നു.
- ഫീൽഡ് തല പരിശോധനയിൽ 45 മഴക്കുഴികൾ, 5 പേർക്കുലേഷൻ ടാങ്ക്, 398 തെങ്ങിൻ കുഴികൾ, 12 കമ്പോസ്റ്റ് പിറ്റുകൾ, ബണ്ടുകളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ കാണാൻ സാധിച്ചു. ചില പ്രവർത്തികൾ മനസ്സിലാക്കാൻ കഴിയാത്ത വിതം മണ്ണും പുല്ലും മൂടി കിടക്കുകയായിരുന്നു.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഇല്ലായിരുന്നു.

### ഭൂവികസനം(LD/321633)

ഫയൽ

- കവർപേജ് അപൂര്ണമായിരുന്നു.
- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.
- 78 പേരുടെ ഡിമാൻഡ് ഫോം ആണ് ഉണ്ടായിരുന്നത്. പ്രവർത്തി അനുവദിച്ചതായി എ ഇ യുടെ സാക്ഷ്യപ്പെടുത്തലും ഉണ്ട്.
- മസ്റ്റർ റോളിൽ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു. സെക്രട്ടറിയുടെയും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ നെയിം ഒപ്പും സീലും ഉണ്ടായിരുന്നു എന്നാൽ പരിശോധന ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലും ഒപ്പും ഇല്ല.
- മസ്റ്റർ റോളിൽ 21 പേരുടെ അബ്സെന്റിന് പുറത്ത് സൈനും 65 വെട്ടി തിരുത്തലുകളും കാണാൻ സാധിച്ചു. തുടർച്ചയായി ഹാജരാകാത്ത 17 തൊഴിലാളികൾ ഉണ്ടെന്ന് രേഖപ്പെടുത്തലിൽ കാണുന്നു.
- ഭൂവുടമകളുടെ കരം തീർത്ത രസീത്, ആധാർ, പാസ്ബുക്ക് എന്നിവയുടെ പകർപ്പ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

- സന്ദർശന റിപ്പോർട്ട് ഉണ്ടായിരുന്നു.

- വെജ് ലിസ്റ്റ്, പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉണ്ടായിരുന്നില്ല.

- 1563 തൊഴിൽ ദിനങ്ങളാണ് രേഖപ്പെടുത്തൽ കാണാൻ സാധിച്ചത്.

**ഫീൽഡ്**

- 6 പുരയിടങ്ങളിൽ ആയി പ്രവർത്തി നടപ്പിലാക്കിയതിന്റെ രേഖകളാണ് ഫയലിൽ ഉണ്ടായിരുന്നത്.

- മെഷർമെന്റ് ബുക്ക് പ്രകാരം ബണ്ടുകളുടെ നിർമ്മാണ പ്രവർത്തി ചെയ്തതായിട്ടാണ് രേഖപ്പെടുത്തൽ കാണാൻ സാധിച്ചത് എന്നാൽ ഫീൽഡ് തല പരിശോധനയിൽ 49 മഴക്കുഴികൾ, 402 തെങ്ങിൻ കുഴികൾ, 7 കമ്പോസ്റ്റ് പിറ്റുകൾ, 625 വാഴ കുഴി, ബണ്ടുകളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ കാണാൻ സാധിച്ചു.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

### ഭൂവികസനം(LD/321634)

**ഫയൽ**

- കവർപേജ് അപൂര്ണമായിരുന്നു.

- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.

- 80 പേരുടെ ഡിമാൻഡ് ഫോം ആണ് ഉണ്ടായിരുന്നത്. പ്രവർത്തി അനുവദിച്ചതായി എ ഇ യുടെ സാക്ഷ്യപ്പെടുത്തലും ഉണ്ട്.

- മസ്റ്റർ റോളിൽ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു. സെക്രട്ടറിയുടെയും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ നെയിം ഒപ്പും സീലും ഉണ്ടായിരുന്നു എന്നാൽ പരിശോധന ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലും ഒപ്പും ഇല്ല.

- മസ്റ്റർ റോളിൽ 13 പേരുടെ അബ്സെന്റിന് പുറത്ത് സൈനും 52 വെട്ടി തിരുത്തലുകളും കാണാൻ സാധിച്ചു. തുടർച്ചയായി ഹാജരാകാത്ത 17 തൊഴിലാളികൾ ഉണ്ടെന്ന് രേഖപ്പെടുത്തലിൽ കാണുന്നു.

- ഭൂവുടമകളുടെ കരം തീർത്ത രസീത്, ആധാർ, പാസ്ബുക്ക് എന്നിവയുടെ പകർപ്പ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

- സന്ദർശന റിപ്പോർട്ട് ഉണ്ടായിരുന്നു.

- വെജ് ലിസ്റ്റ്, പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉണ്ടായിരുന്നില്ല.

- 1562 തൊഴിൽ ദിനങ്ങളാണ് രേഖപ്പെടുത്തൽ കാണാൻ സാധിച്ചത്.

**ഫീൽഡ്**

- 17 പുരയിടങ്ങളിൽ ആയി പ്രവർത്തി നടപ്പിലാക്കിയതിന്റെ രേഖകളാണ് ഫയലിൽ ഉണ്ടായിരുന്നത്.

- മെഷർമെന്റ് ബുക്ക് പ്രകാരം ബണ്ടുകളുടെ നിർമ്മാണ പ്രവർത്തി, 56 മഴക്കുഴി, 438 വാഴ കുഴി, 430 തെങ്ങിൻ കുഴി, 10 കമ്പോസ്റ്റ് പിറ്റ് ചെയ്തതായിട്ടാണ് രേഖപ്പെടുത്തൽ കാണാൻ സാധിച്ചത് ഫീൽഡ് തല പരിശോധനയിൽ 48 മഴക്കുഴി, 441 വാഴ കുഴി, 392 തെങ്ങിൻ കുഴി, 7 കമ്പോസ്റ്റ് പിറ്റ്, ബണ്ടുകളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ കാണാൻ സാധിച്ചു.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

**ഭൂവികസനം(LD/349989)**

**ഫയൽ**

- കവർപേജ് അപൂര്ണമായിരുന്നു.

- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.

- ഡിമാൻഡ് ഫോമിലായിരുന്നു.

- മസ്റ്റർ റോളിൽ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു. സെക്രട്ടറിയുടെയും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ നെയിം ഒപ്പും സീലും ഉണ്ടായിരുന്നു എന്നാൽ പരിശോധന ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലും ഒപ്പും ഇല്ല.

- മസ്റ്റർ റോളിൽ തുടർച്ചയായി ഹാജരാകാത്ത 28 തൊഴിലാളികൾ ഉണ്ടെന്ന് രേഖപ്പെടുത്തലിൽ കാണുന്നു. 15 തിരുത്തലുകളും ഉണ്ടായിരുന്നു.660 തൊഴിൽ ദിനം ഉണ്ടായിരുന്നു.

- ഭൂവുടമകളുടെ കരം തീർത്ത രസീത്, ആധാർ, പാസ്ബുക്ക് എന്നിവയുടെ പകർപ്പ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

- സന്ദർശന റിപ്പോർട്ട് ഇല്ലായിരുന്നു.

- വെജ് ലിസ്റ്റ്, FTO എന്നിവ ഫയലിൽ ഉണ്ടായിരുന്നു.

- നിലവിൽ ഈ പ്രവർത്തി പൂർത്തീകരിക്കാത്തതിനാൽ സൈറ്റ് ഡയറി ഫയലിൽ ഉൾക്കൊള്ളിച്ചിരുന്നു ഇല്ല.

**ഫീൽഡ്**

- 16 പുരയിടങ്ങളിൽ ആയി പ്രവർത്തി നടപ്പിലാക്കിയതിന്റെ രേഖകളാണ് ഫയലിൽ ഉണ്ടായിരുന്നത്.

- മെഷർമെന്റ് ബുക്ക് പ്രകാരം ബണ്ടുകളുടെ നിർമ്മാണ പ്രവർത്തി ചെയ്തതായിട്ടാണ് രേഖപ്പെടുത്തൽ കാണാൻ സാധിച്ചത് എന്നാൽ ഫീൽഡ് തല പരിശോധനയിൽ 325 വാഴക്കുഴി 38 മഴക്കുഴികൾ, 212 തെങ്ങിൻ കുഴികൾ, 8 കമ്പോസ്റ്റ് പിറ്റുകൾ, ബണ്ടുകളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ കാണാൻ സാധിച്ചു. 4 പ്രവർത്തി സ്ഥലം കാടുപിടിച്ച് നിലയിലായിരുന്നു

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഇല്ലായിരുന്നു.





കമ്പോസ്റ്റ് പിറ്റ്  ഭൂവുടമ നല്ല രീതിയിൽ സംരക്ഷിച്ച് നിലയിൽ



പ്രവർത്തി നടന്ന സ്ഥലം കാടുപിടിച്ച നിലയിൽ

**ഭൂവികസനം**(LD/349987)

**ഫയൽ**

- കവർപേജ് അപൂര്ണമായിരുന്നു.
- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്,  മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ്  ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.
- ഡിമാൻഡ് ഫോമിലായിരുന്നു.
- മസ്റ്റർ റോളിൽ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു. സെക്രട്ടറിയുടെയും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ നെയിം ഒപ്പും സീലും ഉണ്ടായിരുന്നു എന്നാൽ പരിശോധന ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലും ഒപ്പും  ഇല്ല.
- മസ്റ്റർ റോളിൽ  തുടർച്ചയായി ഹാജരാകാത്ത 7 തൊഴിലാളികൾ ഉണ്ടെന്ന് രേഖപ്പെടുത്തലിൽ കാണുന്നു. 14 തിരുത്തലുകളും രേഖപ്പെടുത്താത്ത ഒരു മാസ്റ്റർറോളും  കാണാൻ സാധിച്ചു
- ഭൂവുടമകളുടെ കരം തീർത്ത രസീത്,  ആധാർ, പാസ്ബുക്ക് എന്നിവയുടെ പകർപ്പ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- വെജ്  ലിസ്റ്റ് ഉണ്ടായിരുന്നു.
- നിലവിൽ ഈ പ്രവർത്തി പൂർത്തീകരിക്കാത്തതിനാൽ സൈറ്റ് ഡയറി ഫയലിൽ  ഉൾക്കൊള്ളുന്നില്ല

**ഫീൽഡ്**

- 24 പുരയിടങ്ങളിൽ ആയി പ്രവർത്തി നടപ്പിലാക്കിയതിന്റെ രേഖകളാണ് ഫയലിൽ ഉണ്ടായിരുന്നത്.

- മെഷർമെന്റ് ബുക്ക് പ്രകാരം 892 വാഴ കുഴി, ബണ്ടുകളുടെ നിർമ്മാണ പ്രവർത്തി ചെയ്തതായിട്ടാണ് രേഖപ്പെടുത്തൽ കാണാൻ സാധിച്ചത് എന്നാൽ ഫീൽഡ് തല പരിശോധനയിൽ 643 വഴക്കുഴികളും ബാക്കിഭാഗം കാട് പിടിച്ച നിലയിലായിരുന്നു.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഇല്ലായിരുന്നു.

### ഭൂവികസനം(LD/349990)

**ഫയൽ**

- കവർപേജ് അപൂര്ണമായിരുന്നു.

- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.

- ഡിമാൻഡ് ഫോമിലായിരുന്നു.

- മസ്റ്റർ റോളിൽ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു. സെക്രട്ടറിയുടെയും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ നെയിം ഒപ്പും സീലും ഉണ്ടായിരുന്നു എന്നാൽ പരിശോധന ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലും ഒപ്പും ഇല്ല.

- മസ്റ്റർ റോളിൽ തുടർച്ചയായി ഹാജരാകാത്ത 19 തൊഴിലാളികൾ ഉണ്ടെന്ന് രേഖപ്പെടുത്തലിൽ കാണുന്നു. 8 തിരുത്തലുകളും രേഖപ്പെടുത്താത്ത ഒരു മാസ്റ്റർറോളും കാണാൻ സാധിച്ചു

- ഭൂവുടമകളുടെ കരം തീർത്ത രസീത്, ആധാർ, പാസ്ബുക്ക് എന്നിവയുടെ പകർപ്പ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

- വെജ് ലിസ്റ്റ് ഉണ്ടായിരുന്നു.

- നിലവിൽ ഈ പ്രവർത്തി പൂർത്തീകരിക്കാത്തതിനാൽ സൈറ്റ് ഡയറി ഫയലിൽ ഉൾക്കൊള്ളുന്നില്ല

**ഫീൽഡ്**

- 15 പുരയിടങ്ങളിൽ ആയി പ്രവർത്തി നടപ്പിലാക്കിയതിന്റെ രേഖകളാണ് ഫയലിൽ ഉണ്ടായിരുന്നത്.

- മെഷർമെന്റ് ബുക്ക് പ്രകാരം 1002.20m ബണ്ടുകളുടെ നിർമ്മാണ പ്രവർത്തി ചെയ്തതായിട്ടാണ് രേഖപ്പെടുത്തൽ കാണാൻ സാധിച്ചത്. ഫീൽഡ് തല പരിശോധനയിൽ അതേ അളവിൽ തന്ന കാണാൻ സാധിച്ചു.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഇല്ലായിരുന്നു.

### IC/218010( കിഴക്കേക്കര മുതൽ തൊങ്ങണംപഴഞ്ഞി ചാനൽ പുനരുദ്ധാരണം )

**ഫയൽ**

- കവർപേജ് അപൂർണ്ണമായിരുന്നു.

- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.

- 45 പേർ ഡിമാൻഡ് ഫോമിൽ ഉണ്ടായിരുന്നു

- മാസ്റ്റർ റോളിൽ 2 തിരുത്തലുകളും 16 പേർ തുടർച്ചയായി ഹാജരാകാത്തതായും രേഖപ്പെടുത്തലുകളിൽ കാണാൻ സാധിച്ചു.


- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.വെജ് ലിസ്റ്റ്, FTO, പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉണ്ടായിരുന്നു.

- 517 തൊഴിൽ ദിനങ്ങളാണ് ആണ് രേഖപ്പെടുത്തൽ കാണാൻ സാധിച്ചത്.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 450m ൽ പ്രവർത്തി നടപ്പിലാക്കിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെ പ്രവർത്തി നടന്നിരുന്നതായി കാണാൻ സാധിച്ചു. പ്രവർത്തി സ്ഥലം കാടുപിടിച്ച് നിലയിലായിരുന്നു.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.



മാസ്റ്റർ റോളിൽ ആബ്സെന്റിന് പുറത്ത് സൈൻ ഇട്ടിരിക്കുന്നു

**IC/218012(കമ്പ്രവിള മുതൽ ആവിളാകം വരെ ചാനൽ പുനരുദ്ധാരണം )**

**ഫയൽ**

- കവർപേജ് അപൂർണ്ണമായിരുന്നു.

- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ

ഇല്ലായിരുന്നു.

- 47 പേർ ഡിമാൻഡ് ഫോമിൽ ഉണ്ടായിരുന്നു

- മാസ്റ്റർ റോളിൽ തിരുത്തലുകൾ ഇല്ലായിരുന്നു.10 പേർ തുടർച്ചയായി ഹാജരാകാത്തതായി രേഖപ്പെടുത്തിക്കാണുന്നു.

- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.വെജ് ലിസ്റ്റ്, FTO, പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉണ്ടായിരുന്നു.

- 541 തൊഴിൽ ദിനങ്ങളാണ് ആണ് രേഖപ്പെടുത്തൽ കാണാൻ സാധിച്ചത്.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 540m ൽ പ്രവർത്തി നടപ്പിലാക്കിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെ പ്രവർത്തി നടന്നിരുന്നതായി കാണാൻ സാധിച്ചു. പ്രവർത്തി സ്ഥലം കാടുപിടിച്ച് നിലയിലായിരുന്നു.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

**IC/218011(പൊൻവിള കട്ടം കവർ മുതൽ കമ്പ്രവിള ചാനൽ പുനരുദ്ധാരണം )**

**ഫയൽ**

- കവർപേജ് അപൂർണമായിരുന്നു.

- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.

- 50 പേർ ഡിമാൻഡ് ഫോമിൽ ഉണ്ടായിരുന്നു

- മാസ്റ്റർ റോളിൽ തിരുത്തുകൾ ഇല്ലായിരുന്നു.

- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.വെജ് ലിസ്റ്റ്, FTO, പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉണ്ടായിരുന്നു.

- 548 തൊഴിൽ ദിനങ്ങളാണ് ആണ് രേഖപെടുത്തലിൽ കാണാൻ സാധിച്ചത്.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 560m ൽ പ്രവർത്തി നടപ്പിലാക്കിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെ പ്രവർത്തി നടന്നിരുന്നതായി കാണാൻ സാധിച്ചു. പ്രവർത്തി സ്ഥലം കാടുപിടിച്ച് നിലയിലായിരുന്നു.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

**IC/218007(പിറയംകൊട്ടുവിള മുതൽ ഇട്ടിച്ചിവിള ചാനൽ പുനരുദ്ധാരണം )**

**ഫയൽ**

- കവർപേജ് അപൂര്ണമായിരുന്നു.

- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.

- 31 പേർ ഡിമാൻഡ് ഫോമിൽ ഉണ്ടായിരുന്നു

- മാസ്റ്റർ റോളിൽ 6 തിരുത്തലുകളും 5 പേർ തുടർച്ചയായി ഹാജരാകാത്തതായി രേഖപ്പെടുത്തലിൽ കാണുന്നു

- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.വെജ് ലിസ്റ്റ്, FTO, പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉണ്ടായിരുന്നു.

- 420 തൊഴിൽ ദിനങ്ങളാണ് ആണ് രേഖപെടുത്തലിൽ കാണാൻ സാധിച്ചത്.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 450m ൽ പ്രവർത്തി നടപ്പിലാക്കിയതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെ പ്രവർത്തി നടന്നിരുന്നതായി കാണാൻ സാധിച്ചു. പ്രവർത്തി സ്ഥലം കാടുപിടിച്ച് നിലയിലായിരുന്നു.

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

**DW/383497(കിണർ നിർമ്മാണം-പ്രസന്ന )**

**ഫയൽ**

- കവർപേജ് അപൂര്ണമായിരുന്നു.

- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.

- അവിദഗ്ധ തൊഴിലാളികളുടെ 6 മസ്റ്റർ റോളുകളും വിദഗ്ധ തൊഴിലാളികളുടെ 4 മസ്റ്റർ റോളുകളും ആണ് ഉണ്ടായിരുന്നത്. മാസ്റ്ററോളുകളിൽ പരിശോധന ഉദ്യോഗസ്ഥൻറെ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.വെജ് ലിസ്റ്റ്, FTO, പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉണ്ടായിരുന്നു.

**ഫീൽഡ്**

മെഷർമെന്റ് ബുക്ക് പ്രകാരം 16.5 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്.

ഫീൽഡ് തല പരിശോധനയിൽ കൃത്യമായ അളവിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ള തായി ബോധ്യപ്പെട്ടു.

**DW/331942(കിണർ നിർമ്മാണം-ഷിബു )**

**ഫയൽ**

കവർപേജ് അപൂര്ണമായിരുന്നു.

നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.

അവിദഗ്ധ തൊഴിലാളികളുടെ 4 മസ്റ്റർ റോളുകളും വിദഗ്ധ തൊഴിലാളികളുടെ 4 മസ്റ്റർ റോളുകളും ആണ് ഉണ്ടായിരുന്നത്. മാസ്റ്ററോളുകളിൽ പരിശോധന ഉദ്യോഗസ്ഥൻറെ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.വെജ് ലിസ്റ്റ്, FTO, പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉണ്ടായിരുന്നു.

**ഫീൽഡ്**

മെഷർമെന്റ് ബുക്ക് പ്രകാരം 18 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്.

ഫീൽഡ് തല പരിശോധനയിൽ കൃത്യമായ അളവിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ള തായി ബോധ്യപ്പെട്ടു.

**DW/383496(കിണർ നിർമ്മാണം-പൊന്നമ്മ )**

**ഫയൽ**

കവർപേജ് അപൂര്ണമായിരുന്നു.

നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.

അവിദഗ്ധ തൊഴിലാളികളുടെ 4 മസ്റ്റർ റോളുകളും വിദഗ്ധ തൊഴിലാളികളുടെ 5 മസ്റ്റർ റോളുകളും ആണ് ഉണ്ടായിരുന്നത്. മാസ്റ്ററോളുകളിൽ പരിശോധന ഉദ്യോഗസ്ഥൻറെ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.വെജ് ലിസ്റ്റ്, FTO, പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉണ്ടായിരുന്നു.

**ഫീൽഡ്**

മെഷർമെന്റ് ബുക്ക് പ്രകാരം 16.5 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്.

ഫീൽഡ് തല പരിശോധനയിൽ കൃത്യമായ അളവിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ള തായി ബോധ്യപ്പെട്ടു.

**DW/331945(കിണർ നിർമ്മാണം-റീന )**

ഫയൽ

കവർപേജ് അപൂര്ണമായിരുന്നു.

നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.

അവിദഗ്ധ തൊഴിലാളികളുടെ 4 മസ്റ്റർ റോളുകളും വിദഗ്ധ തൊഴിലാളികളുടെ 4 മസ്റ്റർ റോളുകളും ആണ് ഉണ്ടായിരുന്നത്. മാസ്റ്ററോളുകളിൽ പരിശോധന ഉദ്യോഗസ്ഥൻറെ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.വെജ് ലിസ്റ്റ്, FTO, പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉണ്ടായിരുന്നു.

ഫീൽഡ്

മെഷർമെന്റ് ബുക്ക് പ്രകാരം 12 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്.

ഫീൽഡ് തല പരിശോധനയിൽ കൃത്യമായ അളവിൽ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ള തായി ബോധ്യപ്പെട്ടു.

**DW/331943(കിണർ നിർമ്മാണം-നിർമ്മല )**

ഫയൽ

കവർപേജ് അപൂര്ണമായിരുന്നു.

നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ

ഇല്ലായിരുന്നു.

- അവിദഗ്ധ തൊഴിലാളികളുടെ 4 മസ്റ്റർ റോളുകളും വിദഗ്ധ തൊഴിലാളികളുടെ 4 മസ്റ്റർ റോളുകളും ആണ് ഉണ്ടായിരുന്നത്. മാസ്റ്ററോളുകളിൽ പരിശോധന ഉദ്യോഗസ്ഥൻറെ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.വെജ് ലിസ്റ്റ്, FTO, പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉണ്ടായിരുന്നു.

**ഫീൽഡ്**

- മെഷർമെന്റ് ബുക്ക് പ്രകാരം 34.5 മീറ്റർ ആഴമുള്ള കിണർ നിർമ്മിച്ചു എന്നാണ് രേഖപ്പെടുത്തി കാണുന്നത്.

- ഫീൽഡ് തല പരിശോധനയിൽ 24m മാത്രമേ അളക്കാൻ സാധിച്ചുള്ളൂ. കിണറിന്റെ ഉൾ ഭാഗം ഇടിഞ്ഞ് വീണതിനാൽ ബാക്കിഭാഗം അളക്കാൻ സാധിച്ചില്ല.

**RS/346512(കക്കൂസ് നിർമ്മാണം-പാലമ്മ )**

**ഫയൽ**

- കവർപേജ് അപൂര്ണമായിരുന്നു.

- നിയമപ്രകാരം ഫയൽ ഉൾക്കൊള്ളിച്ചിരിക്കേണ്ട 22 രേഖകളിൽ ഭരണാനുമതി, സാങ്കേതിക അനുമതി, വിശദമായ എസ്റ്റിമേറ്റ്, മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ, മസ്റ്റർ റോൾ, മെഷർമെന്റ് ബുക്ക്, സൈറ്റ് ഡയറി എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചെക്ക്ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ ഇല്ലായിരുന്നു.

- അവിദഗ്ധ തൊഴിലാളികളുടെ 4 മസ്റ്റർ റോളുകളും വിദഗ്ധ തൊഴിലാളികളുടെ 3 മസ്റ്റർ റോളുകളും ആണ് ഉണ്ടായിരുന്നത്. മാസ്റ്ററോളുകളിൽ പരിശോധന ഉദ്യോഗസ്ഥൻറെ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് ഉണ്ട് എന്നാൽ ഉദ്യോഗസ്ഥരുടെ ഒപ്പും സീലും രേഖപ്പെടുത്തിയിട്ടില്ല.വെജ് ലിസ്റ്റ്, FTO, പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ഉണ്ടായിരുന്നു.

**ഫീൽഡ്**

- നിർമ്മാണം പൂർത്തിയായ നിലയിലാണ് ഫീൽഡ് പരിശോധനയിൽ കാണാൻ സാധിച്ചത്.

- മെറ്റീരിയൽ വർക്ക് നടന്നിട്ടുള്ളതായി മനസ്സിലാക്കാൻ സാധിച്ചു.

- ഗുണഭോക്താവിന് ഉപയോഗപ്രദമായ രീതിയിൽ ആണ് ഈ പ്രവർത്തി നടപ്പിലാക്കിയിരിക്കുന്നത്.

**പൊതുവായ കണ്ടെത്തലുകൾ**

- ഫയലുകളിലെ രേഖകൾ സൂക്ഷിച്ചിരിക്കുന്നത് ശരിയായ ക്രമത്തിൽ അല്ല.

- ഫീൽഡ് തല പരിശോധനയിൽ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാളും പ്രവർത്തികൾ വിലയിരുത്താൻ സാധിച്ചു.

- പ്രസ്തുത കാലയളവിൽ നടപ്പിലാക്കിയ പ്രവർത്തികളിൽ കക്കൂസ് നിർമ്മാണ പ്രവർത്തി MIS ലും ഫയൽ പരിശോധനയ്ക്കും ലഭ്യമാകാതെ ഇരിക്കുകയും ചെയ്തു. ഫീൽഡ് തല പരിശോധനയിൽ പ്രവർത്തി കണ്ടെത്തുകയും തുക അവർക്ക് ലഭ്യമായില്ല എന്ന വിവരം അറിയാൻ കഴിഞ്ഞു. ചില സാങ്കേതികപരമായ കാരണങ്ങളാലാണ് തുക കൊടുക്കാൻ പറ്റാത്തത് എന്നാണ് നിർവഹണ ഏജൻസിയിൽ നിന്ന് ലഭ്യമായ വിവരം.

- പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലുകളിലെ മെഷർമെന്റ് ബുക്കുകൾ ഒന്നും തന്നെ സർട്ടിഫൈ ചെയ്തിട്ടില്ല.

- അർധ വിദഗ്ധ വിദഗ്ധ മസ്റ്റർ റോളുകൾപൂർണ്ണമായ രേഖപ്പെടുത്തലുകളോടെഅല്ല സൂക്ഷിച്ചിരിക്കുന്നത്.

- മെഷർമെന്റ് ബുക്ക് മസ്റ്റർ റോൾ എന്നീ രേഖകളിലെ തിരുത്തലുകൾ അനുവദനീയമല്ല.

- ഭുവികസന പ്രവർത്തികളിൽ ശരിയായ വിധത്തിൽ പ്രവർത്തി നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ പരിശോധിച്ച് ചില ഫയലുകളിൽ ഒരേ ഭൂവുടമകളുടെ കരം തീർത്ത രസീതിന്റെ പകർപ്പുകൾ ആണ് വച്ചിരുന്നത്

- പഞ്ചായത്തിൽ സൂക്ഷിക്കേണ്ട 7 രജിസ്റ്ററുകൾ വളരെ ഭംഗിയായി തന്നെ സൂക്ഷിച്ചിട്ടുണ്ട്.

- മസ്റ്റർറോളുകളിൽ സെക്രട്ടറി, പരിശോധന ഉദ്യോഗസ്ഥൻ എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.

- ഫയലുകൾ കൃത്യതയോടെ ക്രമീകരിക്കാത്തതു സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

- ഫയലുകളിൽ ഉള്ള രേഖകൾ കൃത്യതയോടെയും ശരിയായ ക്രമത്തിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

- കളിസ്ഥലം, നടപ്പാതകളുടെ നിർമ്മാണം, കുളം നവീകരണം മുതലായവ വാർഡ് തലത്തിൽ നടപ്പാക്കാവുന്നതാണ്.

- പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവർത്തികൾ നിയമാനുസൃതമായ കാലയളവിൽ നിലനിൽക്കാൻ ഉതകുന്നവിധം നടപ്പിലാക്കേണ്ട അതാണ്.

- ഭൂവികസനം പോലുള്ള പ്രവർത്തികൾ ഭൂവുടമകൾക്ക് പ്രവർത്തിയെ സംബന്ധിക്കുന്ന വ്യക്തമായ ധാരണ നൽകിക്കൊണ്ട് നടപ്പിലാക്കേണ്ടത്.

- തൊഴിലാളികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്തി നൽകേണ്ടതാണ്.

- മസ്റ്റർ റോളുകളിൽ ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്.

- അതാത് സാമ്പത്തിക വർഷത്തിലെ ഫയലുകൾ കൃത്യതയോടെ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

റിപ്പോർട്ട് തയ്യാറാക്കിയത്

Brp അനുശ്രീ

Vrp റെനി

Vrp ബിജി

********************